"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - തൃശ്ശൂർ ജില്ല — 12.01.2025-ന് പീച്ചി ഡാമിന്റെ റിസർവോയറിൽ വീണ മരണപ്പെട്ട അലീന (16), ഐറിൻ (16), ആൻഗ്രേസ് (16) എന്നീ കുട്ടികളുടെ മാതാപിതാക്കൾക്കും ചികിത്സ കഴിഞ്ഞ് മടങ്ങിയ നിമ (12) എന്ന കുട്ടിക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ് - ബി) വകുപ്പ്**

സ.ഉ.(കൈ) നം.80/2025/RD തീയതി,തിരുവനന്തപുരം, 20-03-2025

---

**ഉത്തരവ്**

12.01.2025 തീയതിയിൽ തൃശ്ശൂർ ജില്ലയിലെ പീച്ചി ഡാമിന്റെ റിസർവോയറിൽ വീണുണ്ടായ അപകടത്തിൽ മരണമടഞ്ഞ താഴെ പറയുന്ന മൂന്നു കുട്ടികളുടെ മാതാപിതാക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽ നിന്നും 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) വീതവും അപകടത്തെ തുടർന്ന് ചികിത്സ കഴിഞ്ഞ് മടങ്ങിയ നിമ (D / o ശ്രീ.ജോണി & ശ്രീമതി.സാലി, പുളിയമാക്കൽ വീട്, തെക്കേകുളം) എന്ന കുട്ടിക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽ നിധിയിൽ നിന്നും 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | മരണമടഞ്ഞ കുട്ടിയുടെ പേര് | മാതാപിതാക്കളുടെ പേരും വിലാസവും |
|---|---|---|
| 1 | കുമാരി.അലീന (16) | ശ്രീ.ഷാജൻ & ശ്രീമതി.സിജി, ചുങ്കത്ത് വീട്, റോസ് ഗാർഡൻ, പട്ടിക്കാട്. |
| 2 | കുമാരി.ഐറിൻ(16), | ശ്രീ.ബിനോയ് & ശ്രീമതി.ജൂലി, മുരിങ്ങത്തുപറമ്പിൽ വീട്, മെട്രോനഗർ, ചാണോത്ത്. |
| 3 | കുമാരി.ആൻഗ്രേസ് (16) | ശ്രീ.സജി & ശ്രീമതി.സെറീന, പാറശ്ശേരി വീട്, ചാണോത്ത്. |

2. വിതരണത്തിനാവശ്യമായി വരുന്ന 7,00,000/- രൂപ (എഴ് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ്, സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തൃശ്ശൂർ ജില്ലാ കളക്ടർക്ക് നൽകേണ്ടതും,

ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, തൃശ്ശൂർ

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

പൊതുഭരണ (എസ്.സി) വകുപ്പ് ( 18.03.2025-ലെ മന്ത്രിസഭാ യോഗതീരുമാനം ഇനം നം.2796 പ്രകാരം)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

റവന്യൂ (ഡി ആർ എഫ് - എ & സി) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Apsara T T

Date: 20-03-2025 14:05:10

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-03-2025

ഫയൽ നം. റവ-ഡി.ആർ.എഫ്.ബി2/3/2025/റവ. ഇനം നം: 2796

വിഷയം : റവന്യൂ വകുപ്പ് - 12.01.2025 തീയതിയിൽ തൃശ്ശൂർ ജില്ലയിൽ പീച്ചി ഡാമിന്റെ റിസർവോയറിൽ മുങ്ങി മരണപ്പെട്ട മൂന്ന് കുട്ടികളുടേയും ചികിത്സയിൽ തുടരുന്ന കുട്ടിയുടേയും മാതാപിതാക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (1) അംഗീകരിച്ചു. രണ്ടു ലക്ഷം രൂപ വീതം അനുവദിക്കുവാൻ തീരുമാനിച്ചു.
(2). അംഗീകരിച്ചു. ഒരു ലക്ഷം രൂപ അനുവദിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Sarada

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

DS
19/3
4:30pm

# മന്ത്രിസഭ യോഗത്തിനുള്ള കുറിപ്പ്

തൃശ്ശൂർ ജില്ലയിൽ 12.01.2025 തീയതിയിൽ പീച്ചി ഡാമിന്റെ റിസർവോയറിൽ വീണ് മരണപ്പെട്ട കുട്ടികളുടെ മാതാപിതാക്കൾക്കും ചികിത്സ കഴിഞ്ഞ് മടങ്ങിയ കുട്ടിക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതാണ് ഈ കുറിപ്പിലെ വിഷയം.

2. 12.01.2025 തീയതിയിൽ തൃശ്ശൂർ ജില്ലയിൽ പീച്ചി ഡാമിന്റെ റിസർവോയറിൽ വീണ് മരണപ്പെട്ട കുട്ടികളുടെ മാതാപിതാക്കൾക്കും ചികിത്സ കഴിഞ്ഞ് മടങ്ങിയ കുട്ടിക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി തൃശ്ശൂർ ജില്ല കളക്ടർ സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

3. 12/01/2025 തീയതിയിൽ പീച്ചി ഡാം പരിസരത്ത് തെക്കേകുളം എന്ന സ്ഥലത്ത് താമസിക്കുന്ന ഹിമ (16), D/o. ജോണി, പുളിയമാക്കൽ വീട്, തെക്കേകുളം എന്ന പെൺകുട്ടിയുടെ വീട്ടിലേയ്ക്ക് പള്ളി പെരുന്നാളിനോടനുബന്ധിച്ച് വിരുന്നു വന്നിരുന്ന സഹപാഠികളായ അലീന, ഐറിൻ, ആൻഗ്രേസ് എന്നീ മൂന്നു കുട്ടികളും ഹിമയുടെ അനുജത്തിയായ നിമ എന്ന കുട്ടിയും കൂടി വീടിന് സമീപത്തുള്ള പീച്ചി ഡാം റിസർവോയർ കാണുന്നതിനും ഫോട്ടോ എടുക്കുന്നതിനുമായി പോവുകയും, അവിടെ വച്ച് പാറയിൽ നിന്ന് കാൽവഴുതി റിസർവോയറിൽ വെള്ളത്തിൽ വീഴുകയും, കുട്ടികളുടെ ബഹളം കേട്ട് പരിസരവാസികൾ എത്തി നാലു കുട്ടികളെയും കരയ്ക്കുകയറ്റി തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ എത്തിക്കുകയും ചെയ്തിരുന്നു. അതിൽ ചുവടെ പറയുന്ന 3 കുട്ടികൾ തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണപ്പെട്ടു.

1) കുമാരി.അലീന (16), D/o. ഷാജൻ, ചുങ്കത്ത് വീട്, റോസ് ഗാർഡൻ, പട്ടിക്കാട്.

2) കുമാരി.ഐറിൻ (16), D/o.. ബിനോയ്, മുരിങ്ങത്തുപറമ്പിൽ വീട്, മെട്രോനഗർ, ചാണോത്ത്.

3) കുമാരി.ആൻഗ്രേസ് (16), D/o.സജി, പാറശ്ശേരി വീട്, ചാണോത്ത്.

4. മരണപ്പെട്ട കുമാരി.ആൻഗ്രേസിന്റെ പിതാവ് ശ്രീ.സജി എന്നവർ നിലവിൽ എ.സി. മെക്കാനിക്ക് ആയി ഗൾഫിൽ ജോലി ചെയ്തുവരുന്നു. മാതാവ് ശ്രീമതി.സെറീന വീട്ടമ്മയാണ്. ഏക സഹോദരി കുമാരി.ആഗ്നമരിയ വിദ്യാർത്ഥിനിയുമാണ്. പിതാവായ ശ്രീ.സജിയാണ് കുടുംബത്തിന്റെ മുഖ്യ വരുമാനദായകൻ. ടി കുടുംബത്തിന്റെ വാർഷിക വരുമാനം 6,12,000/- രൂപയാണ്.

5. മരണപ്പെട്ട കുമാരി.അലീന ഷാജന്റെ പിതാവ് ശ്രീ.ഷാജൻ എന്നവർ തൃശ്ശൂർ കോർപ്പറേഷൻ ആഫീസിൽ ക്ലർക്കായും, മാതാവ് ശ്രീമതി.സിജി എന്നവർ പീച്ചി സർവ്വീസ് സഹകരണബാങ്കിൽ ക്ലർക്കായും ജോലി ചെയ്തുവരുന്നു. ഏകസഹോദരി കുമാരി.ക്രിസ്റ്റീന എന്നവർ വിദ്യാർത്ഥിനിയാണ്. ടി കുടുംബത്തിന്റെ വാർഷിക വരുമാനം 9,60,000/- രൂപയാണ്.

6. മരണപ്പെട്ട കുമാരി.ഐറിൻ എന്ന കുട്ടിയുടെ പിതാവ് ശ്രീ.ബിനോജ് എന്നവർ മിലിട്ടറിയിൽ സുബൈദാറായി ജോലി ചെയ്തുവരുന്നതും, മാതാവ് ശ്രീമതി.ജൂലി വീട്ടമ്മയുമാണ്. ഏക സഹോദരി കുമാരി.കാതറിൻ എന്നവർ വിദ്യാർത്ഥിനിയുമാണ്. പിതാവായ ശ്രീ.ബിനോജാണ് കുടുംബത്തിന്റെ മുഖ്യവരുമാനദായകൻ. ടി കുടുംബത്തിന്റെ വാർഷിക വരുമാനം 6,48,000/. രൂപയാണ്.

7. കൂടാതെ പ്രസ്തുത അപകടത്തിൽ മരണപ്പെട്ടവർക്കൊപ്പം ഡാമിലെ വെള്ളത്തിൽ വീണ ശ്രീ.ജോണി പുളിയേമാക്കൽ എന്നവരുടെ മകളായ കുമാരി.നിമ (12 വയസ്സ്) അപകടത്തെ തുടർന്ന് 21.01.2025 തീയതി വരെ ജൂബിലി മിഷൻ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നതും, ആരോഗ്യനില ഭേദപ്പെട്ട ശേഷം ഡിസ്ചാർജ് ചെയ്തിട്ടുണ്ടെന്നും കുമാരി.നിമയുടെ പിതാവ് ശ്രീ.ജോണി എന്നവർ വെൽഡിങ്ങ് തൊഴിലാളിയും, മാതാവ് ശ്രീമതി.സാലി വീട്ടമ്മയാണെന്നും തൃശ്ശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ നിലവിലെ വ്യവസ്ഥകൾ പ്രകാരം, 2,00,000/- രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ള അപേക്ഷകർക്കാണ് ധനസഹായം അനുവദിച്ചുവരുന്നത്. എന്നിരുന്നാലും

കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർഭാഗ്യകരമായ ഈ സംഭവത്തിൽ മരണപ്പെട്ട കുട്ടികളുടെ മാതാപിതാക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനും ചികിത്സയിൽ തുടരുന്ന കുട്ടിക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനും ഉള്ള ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയങ്ങൾ

**1.** 12.01.2025 തീയതിയിൽ തൃശ്ശൂർ ജില്ലയിലെ പീച്ചി ഡാമിന്റെ റിസർവോയറിൽ വീണുണ്ടായ അപകടത്തിൽ മരണമടഞ്ഞ താഴെ പറയുന്ന മൂന്ന് കുട്ടികളുടെ മാതാപിതാക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കാവുന്നതാണോ? എങ്കിൽ എത്ര?

1) കുമാരി.അലീന (16), D/o. ശ്രീ.ഷാജൻ&ശ്രീമതി.സിജി , ചുങ്കത്ത് വീട്, റോസ് ഗാർഡൻ, പട്ടിക്കാട്.
2) കുമാരി.ഐറിൻ(16), D/o.ശ്രീ.ബിനോയ്&ശ്രീമതി.ജൂലി, മുരിങ്ങത്തുപറമ്പിൽ വീട്, മെട്രോനഗർ, ചാണോത്ത്.
3) കുമാരി.ആൻഗ്രേസ് (16), D/o.ശ്രീ.സജി&ശ്രീമതി.സെറീന, പാറശ്ശേരി വീട്, ചാണോത്ത്.

**2.** അപകടത്തെ തുടർന്ന് ചികിത്സ കഴിഞ്ഞ് മടങ്ങിയ കുമാരി.നിമയ്ക്ക് (D/o ശ്രീ.ജോണി & ശ്രീമതി.സാലി, പുളിയമാക്കൽ വീട്, തെക്കേകുളം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം അനുവദിക്കാമോ? എങ്കിൽ എത്ര തുക അനുവദിക്കാം?